# ഗ്രേസി ടീച്ചർ പറയുന്നു...

**? ? എഴുത്തിന്റെ തുടക്കം എങ്ങനെയായിരുന്നു?**

▪ പത്താം ക്ലാസ്സുമുതലാണ് എഴുതിത്തുടങ്ങിയത്. ആദ്യകഥ ബിഎ യ്ക്ക് പഠിക്കുമ്പോൾ പ്രസിദ്ധീകരിച്ചു. കഥയുടെ പേര് അസ്തമയം എന്നായിരുന്നു.

**? ? കഥ എഴുതുമ്പോൾ ആത്മകഥാംശം എത്രത്തോളം കടന്നുവരാറുണ്ട്?**

▪ ചില കഥാപാത്രങ്ങളുടെ സ്വഭാവത്തിൽ ചില സന്ദർഭങ്ങളിലൊക്കെ ഉണ്ടായേക്കും. അതുകൊണ്ട് എഴുതുന്നതു മുഴുവൻ ഉണ്ടാവുമെന്ന് പറയുന്നത് ശരിയല്ല. നമ്മൾ എത്ര ജീവിതം ജീവിച്ചാലും അങ്ങനെ തന്നെ ഇരിക്കും. ചില കഥാപാത്രങ്ങളുടെ സ്വഭാവത്തിൽ ആത്മകഥാംശം കലർന്നിരിക്കും. അതുകൊണ്ട് എഴുതുന്നതു മുഴുവൻ ആത്മകഥാംശം കലർന്നതാണെന്ന് കരുതരുത്. എല്ലാ അനുഭവങ്ങളെയും സാംശീകരിക്കാനാവുമെന്ന് എനിക്ക് വിശ്വാസമില്ല. എല്ലാം എന്റെ തൂലികക്ക് വഴങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

**? ? ടീച്ചർ പഠിച്ചിരുന്ന കാലഘട്ടവും ഇപ്പോഴത്തെ കാലഘട്ടവും ഒന്നു താരതമ്യം ചെയ്യാമോ?**

▪ ഞങ്ങളേക്കാളും അറിവുള്ള അദ്ധ്യാപകരായിരുന്നു അന്ന് ഞങ്ങളെ പഠിപ്പിച്ചിരുന്നത്. അത്രയും അറിവുള്ള, വായനയുള്ള, അത്രയും നല്ല stuff ഉള്ള അദ്ധ്യാപകരെ ഇപ്പോൾ കാണാനേയില്ല. ഞാൻ എം.എ ക്ക് പഠിക്കുമ്പോഴാണ് അദ്ധ്യാപകരുമായിട്ട് നല്ല ബന്ധം ഉണ്ടായത്. ഇപ്പോഴുള്ള കുട്ടികൾ ഞങ്ങളോട് ഫ്രീയായിട്ട് ഇടപെടുന്നുണ്ട് എന്ന വ്യത്യാസമുണ്ട്. മുമ്പത്തെപ്പോലെ അറിവും വായനയുമുള്ള ഒരു മലയാളം അദ്ധ്യാപകനെ എടുത്തുകാണിക്കാൻ പ്രയാസമാണ്. എനിക്കീകാര്യം തുറന്നു പറയാൻ മടിയൊന്നുമില്ല.

**? ? അദ്ധ്യാപന ജീവിതത്തെക്കുറിച്ച്.....**

▪ അദ്ധ്യാപികയാവണമെന്നത് എന്റെ വലിയൊരു മോഹമായിരുന്നു. ഞാൻ 1974-ൽ പാസ്സായിട്ട് 8 കൊല്ലം കഴിഞ്ഞിട്ടാണ് ജോലി കിട്ടിയത്. കോഴകൊടുത്താണ് ജോലി ശരിയായത്. Donation കൊടുത്തിട്ടാണ് എന്നു പറയുന്നതാണ് ശരി. കോഴയുടെ മനോഹരമായ പേരാണല്ലോ Donation . ഒരു ജോലി എനിക്ക് അത്രക്ക് ആവശ്യമായിരുന്നു. ഞങ്ങളുടെത് Inter caste marriage ആയിരുന്നത് കൊണ്ടും ആരും helpചെയ്യാൻ ഇല്ലാത്തതുകൊണ്ടും "ജോലി അല്ലെങ്കിൽ ആത്മഹത്യ" എന്നതായിരുന്നു തീരുമാനം. അങ്ങനെ ഒരു പദം തന്നെയുണ്ട് എന്റെ പുതിയ പുസ്തകത്തിൽ. സ്ഥലം വിറ്റിട്ടാണ് ജോലിയിൽ കയറിയത്. ഞാൻ ആദർശം പറയാറില്ല. എന്നെ ഒന്നും അലട്ടുന്നില്ല. അദ്ധ്യാപക ജീവിതത്തെക്കുറിച്ച് എഴുതാൻമാത്രം എനിക്ക് ഒന്നും ഇല്ല. ഞാനടക്കമുള്ള അദ്ധ്യാപകരെ എനിക്ക് വിശ്വാസവുമില്ല. പഴയകാലത്ത് അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം ദൃഢമായിരുന്നു. അന്ന് ലീലാവതി ടീച്ചറും സാനുമാഷുമൊക്കെ പഠിപ്പിച്ചിരുന്നു. ഇന്ന് അത്ര അറിവുള്ള ഒരാളെപ്പോലും കാണാനില്ല.

**? ? ഇന്നത്തെ ഗുരു - ശിഷ്യ ബന്ധത്തെക്കുറിച്ച്......**

■ ഇപ്പോഴുള്ളവർ; എന്നെക്കണ്ടാൽ ഒളിച്ചു പോകാനാണ് നോക്കുക. ഇപ്പോഴത്തെ പിള്ളാർ കോപ്പിയടിക്കാൻ മിടുക്കരാണ്. ഞാൻ അവരെ പിടിക്കും. അതുകൊണ്ട് അവർക്ക് എന്നോട് ദേഷ്യമാണ്. കോപ്പിയടി പിടിച്ചതിന് തലമുടിയൊക്കെ പിടിച്ച് പറിച്ച ഭയങ്കര സീനൊക്കെ ഉണ്ടാക്കിയവരുണ്ട്. പിടിച്ച copy തിരിച്ചുകൊടുക്കാൻ ആജ്ഞാപിച്ചവരുമുണ്ട്. അതുകൊണ്ടൊക്കെ ഒന്നും ഇല്ല. ഇന്ന് കുട്ടികൾക്ക് ഞങ്ങൾ അധികപ്പറ്റാണ്. അവർക്ക് ഒന്നും വേണ്ട. ആത്മനിന്ദയാണ് തോന്നുന്നത്.

**? ? സ്ത്രീ-പുരുഷ സമത്വത്തെക്കുറിച്ച്....**

■ അവസരത്തിൽ സമത്വം വേണം.

**? ? 'പടിയിറങ്ങിപ്പോയ പാർവ്വതി' യെ ഇപ്പോൾ എങ്ങനെ വിലയിരുത്തുന്നു?**

■ ചിലർ പറയും എന്റെ കുഞ്ഞുങ്ങളെപ്പോലെയാണ് എനിക്ക് മറ്റുള്ളവരുടെ കുഞ്ഞുങ്ങളും എങ്കിലും സ്വന്തം കുഞ്ഞിനോട് ഒരു തരം പ്രത്യേക മമതതോന്നും. അതുപോലെ തന്നെയാണ് സ്വന്തം സൃഷ്ടികളും. അതിനെ തുറന്ന് വിമർശിക്കാൻ നമുക്ക് സാധിക്കില്ല.

**? ? 'പടിയിറങ്ങിപ്പോയ പാർവ്വതി' ഇപ്പോൾ വായിക്കുമ്പോൾ....**

■ എനിക്കന്നും ഇന്നും ഒരുപോലെയാണ്. പക്ഷേ അതിനോടു തോന്നുന്ന മമത എന്തായാലും അതിനെ കൈവിട്ടാലേ ശരിക്ക്. നിഷ്പക്ഷമായിട്ട് അതിനെക്കുറിച്ചു പറയാൻ പറ്റൂ. എല്ലാവരെയും തൃപ്തിപ്പെടുത്തുന്ന ഒരു സൃഷ്ടി ഈ ലോകത്ത് ഇന്നുവരെ ആരും എഴുതിയിട്ടില്ല എന്നെനിക്കറിയാം. ഇപ്പോ നമ്മളെഴുതിയത് മറ്റുള്ളവർക്ക് ഇഷ്ടപ്പെട്ടില്ലെങ്കിൽ അവരോട് ദേഷ്യം തോന്നേണ്ട കാര്യമൊന്നുമില്ല.

**? ? ലൈംഗികചൂഷണത്തെക്കുറിച്ചുള്ള അഭിപ്രായം......**

സ്ത്രീകൾ ഇന്നത്തെ കാലത്ത് ഏറ്റവും ചൂഷണം ചെയ്യപ്പെടുന്നത് ലൈംഗികതയിലാണ്. ഒരു വീട്ടമ്മയായാലും കോളേജ് വിദ്യാർത്ഥിനിയായാലും എല്ലാം അവൾ ചൂഷണം ചെയ്യപ്പെടുന്നത് ഈ രംഗത്താണ്. അതുകൊണ്ട് എന്റെ എതിർപ്പാണ് എന്റെ കഥകളിൽ കാണുന്നത് ഞാൻ ശക്തമായി അതിനെ എതിർക്കും. ആത്മഹത്യയും കൊലപാതകങ്ങളും ഇപ്പോൾ വളരെയധികം കൂടിവരുന്ന ഈ അവസരത്തിൽ ഇതിന് തടയിടാൻ സാഹിത്യകാരന്മാർക്ക് കഴിയില്ലേ?

സമൂഹത്തിൽ നടക്കുന്ന കാര്യങ്ങൾ അവതരിപ്പിക്കുക എന്നല്ലാതെ അതിനപ്പുറം ഒന്നും ചെയ്യാൻ സാധ്യമല്ല. പഴയകാലത്തെ മഹാന്മാരായ സാഹിത്യകാരന്മാർ വിചാരിച്ചിട്ട് സാധിക്കാത്ത കാര്യങ്ങളാണ് ഇത്. ടോൾസ്റ്റോയിയുടെയും, ഉറൂബിന്റെയും, ബഷീറിന്റെയും കൃതികൾ വായിച്ചിട്ടും കേടാവുക എന്നുവെച്ചാൽ അത് മഹാ വിഡ്ഢിത്തരമാണ്. അതിന് ഒരു പരിഹാരം കാണാൻ സാമൂഹ്യപ്രവർത്തകർക്കു പോലും കഴിയില്ല എന്നാണ് എനിക്ക് തോന്നുന്നത്.

**? ? ആരാധകരുടെ ഇടപെടലുകൾ.....**

■ പണ്ടത്തെ സാഹിത്യകാരന്മാർക്കുണ്ടായിരുന്ന വില ഇന്നില്ല. അത് സമൂഹത്തിനെ ബാധിച്ചുട്ടുള്ള മൊത്തം അപചയത്തിന്റെ ഭാഗമാണ്.

**? ? സിനിമ എന്ന കലാരൂപത്തെപ്പറ്റി.....**

■ സിനിമയെപ്പറ്റിപ്പറയുമ്പോൾ ഞങ്ങളൊക്കെ നല്ല സിനിമകൾ കണ്ടവരാണ്. എഴുപതുകളുടെ

*ഞങ്ങളുടേത് <u>Inter caste marriage</u> ആയിരുന്നത് കൊണ്ടും ആരും <u>help</u>ചെയ്യാൻ ഇല്ലാത്തതുകൊണ്ടും "ജോലി അല്ലെങ്കിൽ ആത്മഹത്യ" എന്നതായിരുന്നു തീരുമാനം. അങ്ങനെ ഒരു പദം തന്നെയുണ്ട് എന്റെ പുതിയ പുസ്തകത്തിൽ. സ്ഥലം വിറ്റിട്ടാണ് ജോലിയിൽ കയറിയത്. ഞാൻ ആദർശം പറയാറില്ല.*

മധ്യത്തിലും എൺപതുകളുടെ പകുതിവരെയും നല്ല സിനിമകൾ ഉണ്ടായിട്ടുണ്ട്. ഈയിടക്ക് 'ചിന്താവിഷ്ടയായ ശ്യാമള' എന്ന ചിത്രത്തെക്കുറിച്ച് സെമിനാറുണ്ടായിരുന്നു. അതിൽ ഞാൻ പറഞ്ഞു ഞാനും ശ്രീനിവാസനും ഒരു കാര്യത്തിൽ സാദൃശ്യമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീനിവാസന്റെ സിനിമകൾ സാധാരണക്കാരനെക്കുറിച്ചുള്ളതാണ്. എന്റെ കഥകളും അതുപോലെ തന്നെ. പണ്ടത്തെ അത്രനല്ല സിനിമകൾ ഇപ്പോഴില്ല. വാനപ്രസ്ഥത്തിലെ ഫോട്ടോഗ്രാഫി നന്നായിട്ടുണ്ട്. ഒരു ക്ലാസിക് പടത്തിന് കിട്ടുന്ന മേന്മ ഏതാണ്ടൊക്കെയുണ്ട്. പക്ഷെ മനുഷ്യന്റെ ഹൃദയത്തെ അത് സ്പർശിക്കുന്നില്ല.

**? ? ഇന്നത്തെ കാമ്പസ് .........**

കോളേജിൽ പ്രീഡിഗ്രി കഴിഞ്ഞ് ഡിഗ്രിക്ക് വരുന്നവരുടെ എണ്ണം ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. എല്ലാവർക്കും പ്രൊഫഷണൽ കോഴ്സുകളോടാണ് താൽപര്യം. അല്ലെങ്കിൽ ടെക്നിക്കലായിട്ട് എന്തെങ്കിലും. ഇതൊന്നുമില്ലാത്തവരാണ് ഇപ്പോൾ ഡിഗ്രിക്ക് വരുന്നത്.

**? ? ടീച്ചറുടെ വായനയെ കുറിച്ച്**

തീരെക്ഷമയില്ലാത്ത ആളാണ് ഞാൻ. വായന, എനിക്കാക്കാര്യത്തിൽ മാത്രമെ ക്ഷമയുള്ളു. സാമാന്യം ബോറിംഗ് ആണെങ്കിലും ഞാനെങ്ങനെയെങ്കിലും അത് വായിച്ചു തീർക്കും.

**? ? ഫെമിനിസത്തോടുള്ള ടീച്ചറുടെ മനോഭാവം.......**

സമൂഹത്തിന് സ്ത്രീകളോടുള്ള കഴ്ചപ്പാട് ശരിയല്ല. ഒരു നിസ്സാര ജോലിയുള്ള ആൾ അല്ലെങ്കിൽ വിദ്യാഭ്യാസവുമില്ലാത്ത, മനുഷ്യൻ എന്നോട് അവൾ ഒരു പെണ്ണല്ലെ എന്നപോലെ എന്നോട് പെറുമാറിയിട്ടുണ്ട്. എനിക്കത് ഒട്ടും സഹിക്കാൻ പറ്റുന്നില്ല.

**? ? സ്ത്രീ അടിച്ചമർത്തപ്പെടുന്നതുമായി ബന്ധപ്പെട്ട് ടീച്ചർക്ക് വല്ല ദുരനുഭവം ഉണ്ടോ........**

എത്ര അനഭവങ്ങൾ. എന്റെ ഭർത്താവ് ചെന്ന് ഒരു സാധനം വാങ്ങുന്നതും ഞാൻ ചെന്ന് വാങ്ങിക്കുന്നതും തമ്മിൽ നല്ല വ്യത്യാസമുണ്ട്. എത്ര വിദ്യാഭ്യാസമുണ്ടെങ്കിലും എത്ര വലിയ position-ൽ എത്തിയാലും താണനിലവാരത്തിലുള്ള ആണുങ്ങൾ പറയുന്നത് അവരൊക്കെ പെണ്ണുങ്ങളല്ലെ. അവരു വിചാരിച്ചാൽ ഒന്നും നടക്കില്ല എന്നൊരു പരിഹാസം പൊതുവിലുണ്ട്. മനുഷ്യൻ പിറക്കുന്നതുതന്നെ ഒരുപാട് അസമത്വങ്ങളോടുകൂടിയാണ്. അവർക്ക് കിട്ടുന്ന അവസരത്തിൽ സമത്വം വേണമെന്നാണ് ഞാൻ പറയുന്നത്. ഒരു പെണ്ണായിപ്പോയതുകൊണ്ട് അവസരങ്ങളില്ല എന്ന ചിന്തയൊന്നുമില്ല.

**? ? മറ്റുകാഥാകാരൻമാരെക്കുറിച്ച്........**

സാറടീച്ചറുടെ കഥകൾ വായിക്കുന്ന ആ ഒരു അനുഭവം പത്മനാഭന്റെ കഥകൾ വായിക്കുമ്പോൾ കിട്ടാറില്ല. അദ്ദേഹം നല്ലകഥകൾ എഴുതിയിട്ടില്ലെന്ന 'അലാഹയുടെ പെൺമക്കൾ' പോലൊരു നോവൽ അടുത്തൊന്നും വായിച്ചിട്ടില്ല.

**? ? വിവാദങ്ങളോട് താങ്കൾക്കുള്ള സമീപനം.....**

വിവാദങ്ങളോട് എനിക്ക് ദേഷ്യമാണ്.

**? ? പ്രത്യയശാസ്ത്രങ്ങളോടുള്ള ബന്ധം......**

ഇവിടെ ആരു ഭരിച്ചാലും ഈ നാട് ഇങ്ങിനെതന്നെ ഇരിക്കും. അവർക്ക് ഭരണം നിലനിർത്തണം എന്നല്ലാണ്ട് വേറൊരു കാര്യവും അവർ ചെയ്യില്ല. ഇവിടെ സാധാരണക്കാരുടെ ജീവിതം കഷ്ടായിക്കൊണ്ടിരിക്കയാണ്. എനിക്ക് ഇതേക്കുറിച്ച് അഭിപ്രായമൊക്കെയുണ്ടെങ്കിലും ഞാനൊരു രാഷ്ട്രീയ പ്രവർത്തകയല്ലാത്തതിനാൽ ഇതിലൊന്നും സജീവമായി ഇടപെടുന്നില്ല. ഞാനീവക വേദികളിലൊന്നും പ്രത്യക്ഷപ്പെടാറുമില്ല. എഴുത്തുകാർ രാഷ്ട്രീയ പാർട്ടിയിൽ ചേരുന്നതിനോട് എനിക്ക് യോജിപ്പില്ല. കാരണം പാർട്ടി ഭരിക്കുമ്പോൾ അണി

**യിൽ** ഒരാളാകേണ്ടിവരും. പ്രതികരിക്കേണ്ട അവ**സരത്തിൽ** അതിനു കഴിയില്ല.

**? ? മാധവി കുട്ടിയുടെ മതം മാറ്റത്തെക്കുറിച്ച്............**

▞ എനിക്കൊന്നും പറയാനില്ല. അത് വ്യക്തിപരമായ കാര്യമാണ് ഏതുപേരു മാറ്റിയാലും **ഞാൻ** ഞാനല്ലാണ്ടാവുകയില്ലല്ലൊ? പക്ഷേ **എന്റെ** അടുത്തവീട്ടുകാരൊന്നും മതം മാറണമെന്ന് പറഞ്ഞിട്ടേയില്ല. പിന്നെ ഇപ്പോഴത്തെ കുട്ടികൾക്ക് എന്തു ചെയ്യാൻ പറ്റും. പൊതുവെ **ഇപ്പോഴത്തെ** പിള്ളാർക്ക് റിസ്ക്കെടുക്കാൻ **ഇഷ്ട**മില്ല. നിസ്സാര കാര്യങ്ങൾക്കുപോലും അവർ ആത്മഹത്യക്കു പുറകെ പായുകയാണ്. കാരണമെന്തെന്നുവെച്ചാൽ അവരത്രയധികം **ജീ**വിതത്തോട് സമരം ചെയ്തിട്ടില്ല. അതു**കൊണ്ട്** പിടിച്ചു നിൽക്കാൻ അവർക്ക് യാതൊരു മോഹവുമില്ല. അതിനുള്ള ചങ്കൂറ്റവുമില്ല.

> *"നമ്മുടെ പ്രവർത്തനങ്ങൾ എല്ലാം തന്നെ മുതലാളിത്വത്തിനെതിരായുള്ള സ്മരാഹ്വാനങ്ങളാണ്. ആകസ്മികമായി മരണം കടന്നെത്തിയാൽ അത് സ്വാഗതം ചെയ്യപ്പെടട്ടേ. പക്ഷേ അതിനു മുൻമ്പ് ഈ പോർവിളി സ്വീകാര്യമായ കാതുകളിലെത്തുകയും നമ്മുടെ ആയുധങ്ങൾ പ്രയോഗിക്കാൻ മറ്റൊരു കരം ഉയരുകയും ചെയ്തിരിക്കണം."*
>
> ചെഗുവേര

# സ്ത്രീ

രാജീവ്, ഷിനോജ്, മുഹമ്മദ് മുസ്തഫ

***അടുക്കളയിലായാലും അരങ്ങത്തായാലും പീഡനമനുഭവിക്കാൻ വിധിക്കപ്പെട്ടവളാണ് സ്ത്രീ എന്ന് സമൂഹം വിധിയെഴുതുമ്പോഴാണ് ഈ കാടത്ത രീതികൾക്ക് ആക്കം വെക്കുന്നത്.***

തൊഴിലിടങ്ങളിലും യാത്രയ്ക്കിടയിലും സ്ത്രീകളും വിദ്യാർഥിനികളും അനുഭവിക്കുന്ന പീഡനങ്ങൾ ഈയിടെയായി സാംസ്കാരിക കേരളത്തിൽ വർദ്ധിക്കുകയാണ്. പി.ഇ.ഉഷ സംഭവവും, സുശീലാമ്മ ടീച്ചർ സംഭവവും പുറത്തുവന്നതോടെയാണ് അനേകം സ്ത്രീ സഹോദരികൾ ദിവസേന അനുഭവിക്കുന്ന പീഡനകഥകളുടെ മേൽ ചർച്ചകൾ വരുന്നതും. തൊഴിലിടങ്ങളിലും യാത്രയ്ക്കിടയിലും ഉണ്ടാവുന്ന സ്ത്രീപീഡനങ്ങളുടെ വ്യാപ്തി എത്ര വലുതാണ് എന്ന് മനസ്സിലാകുന്നതും.

അടുക്കളയിലായാലും അരങ്ങത്തായാലും പീഡനമനുഭവിക്കാൻ വിധിക്കപ്പെട്ടവളാണ് സ്ത്രീ എന്ന് സമൂഹം വിധിയെഴുതുമ്പോഴാണ് ഈ കാടത്ത രീതികൾക്ക് ആക്കം വെക്കുന്നത്. സമസ്തമേഖലകളിലും പുരുഷാധിപത്യം നിലനിൽക്കുന്ന ഒരു വ്യവസ്ഥിതിയിൽ സ്ത്രീയുടെ സ്വത്വം അടിച്ചമർത്തപ്പെടുമ്പോൾ അവളുടെ പ്രതികരണത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചുള്ള ഒരു ചർച്ചയ്ക്ക് പ്രസക്തിയുണ്ട്. സ്ത്രീത്വത്തിന്റെ പുതു തലമുറയിലെ പ്രതികരണ ചിന്തകൾ വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥിനികളുടെ അഭിപ്രായങ്ങളിലൂടെയും സംവാദങ്ങളിലൂടെയും പരിശോധിക്കുകയാണിവിടെ.



ക്രിസ്ത്യൻ കോളേജിൽ മൂന്നാംവർഷ ബി.എ. ഹിസ്റ്ററിയ്ക്ക് പഠിക്കുന്ന മെഹർബാനു, ബസ്സ് ജീവനക്കാരിൽനിന്നും യാത്രക്കാരിൽ നിന്നും മോശമായ പെരുമാറ്റം ഉണ്ടാവാറുണ്ടെന്ന് അഭിപ്രായപ്പെടുന്നു. "സീറ്റിലിരുന്നാൽ S.T കൊടുത്ത് സീറ്റിലിരിക്കുന്നു എന്നുപറഞ്ഞ് വളരെ മോശമായി ചീത്തവിളിക്കാറുണ്ട്. ഇതിനെതിരെ ഞങ്ങൾ പ്രതികരിക്കാറുമുണ്ട്. പൊതുവെ ഇതിനെതിരെ പ്രതികരിക്കുന്നവർ കുറവാണ് അഥവാ പ്രതികരിച്ചാൽത്തന്നെ അവർ ഒറ്റപ്പെടുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്."

അതേ കോളേജിലെ II പ്രിഡിഗ്രിക്ക് പഠിക്കുന്ന സോണയ്ക്കും ഇതേ അഭിപ്രായം തന്നെയാണ്. ബസ്സിൽ ഞങ്ങൾക്ക് പല പ്രശ്നങ്ങളും ഉണ്ടാവാറുണ്ട്. ഇതിനെതിരെ പ്രതികരിച്ചാൽത്തന്നെയും സ്ത്രീ യാത്രക്കാരിൽനിന്നുപോലും ഞങ്ങൾക്കനുകൂലമായ പെരുമാറ്റം ഉണ്ടാകാറില്ല.

കോളേജധികാരികൾ ഇത്തരം പ്രശ്നങ്ങളെ ഗൗരവമായി കണക്കിലെടുക്കാറില്ല. ഇതുകേട്ടുനിന്ന II പ്രിഡിഗ്രിക്ക് പഠിക്കുന്ന റഷ്ബത്ത് ദേഷ്യത്തോടെ പറഞ്ഞു, "ഇനിയിപ്പൊ തല്ലേണ്ടിവന്നാൽ ഞങ്ങൾ അതും ചെയ്യും". ബന്ധപ്പെട്ട അധികാരികൾ പ്രശ്നങ്ങളെ ഗൗരവമായി കണക്കിലെടുത്ത് അവ കൈകാര്യം ചെയ്യണം. ബോധവൽക്കരണം നടത്തണം. മുമ്പ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാവാറുണ്ട്. അന്ന് ആരും പ്രതികരിച്ചിരുന്നില്ല. ഇന്ന് ദൃശ്യമാധ്യമങ്ങളുലൂടെയും അല്ലാതെയും പ്രതികരിക്കുന്നതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പുറത്തറിയുന്നത്.

ഇത്തരം അനുഭവങ്ങൾ ഒരുപാട് ഉണ്ടാവാറുണ്ടെന്ന് ആർട്സ് കോളേജിലെ മൂന്നാംവർഷ ഇംഗ്ലീഷിന് പഠിക്കുന്ന സജിത. "ഞാൻ സാമാന്യം നന്നായി പ്രതികരിക്കാറുണ്ട്. എന്റെയടുത്ത് അഭ്യാസം കാട്ടിയാൽ ഞാൻ ചീത്തവിളിക്കും."

നമ്മുടെ സമൂഹത്തിലുള്ള സ്ത്രീ-പുരുഷൻ എന്ന വിഭജനം അഥവാ കെട്ടിച്ചമച്ച ഒരു മറ ഒഴിവാക്കണം. ചെറുപ്പം മുതലേ വെവ്വേറെയുള്ള കാഴ്ചപ്പാടുകൾ കുട്ടികളിൽ സൃഷ്ടിക്കരുത്.

# വേദി

***മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും കേട് ഇലയ്ക്കുതന്നെയാണെന്നു പറയുന്നതുപോലെയാണിത്. എങ്ങിനെ പ്രതികരിച്ചാലും അവസാനം അതു സ്ത്രീകൾക്കു നേരെ തിരിഞ്ഞു നിൽക്കും.***

കൂടാതെ ഇതിന് കഠിനമായ ശിക്ഷനൽകണം. ആരും ക്രിയാത്മകമായി പ്രതികരിക്കാത്തതാണ് ഇത് ഇന്ന് വർദ്ധിക്കാനുണ്ടായ കാരണമെന്നും അഭിപ്രായപ്പെട്ടു.

പ്രശ്നങ്ങളുണ്ടായാൽ ശക്തമായി ത്തന്നെ പ്രതികരിക്കും. പറയുന്നത് ആർട്സ് കോളേജിലെത്തന്നെ മൂന്നാം വർഷ ഡിഗ്രിക്ക് പഠിക്കുന്നു ശാലു.

"എല്ലാം സ്ത്രീകളും ഇതേരീതിയിൽ ശക്തിയായിട്ട് എതിർത്താൽ ഒരു പരിധിവരെ രക്ഷനേടാൻ സാധിക്കും. ശക്തമായരീതി എന്നതുകൊണ്ടുദ്ദേശിച്ചത് ആ സമയത്ത് ചെയ്യാവുന്നത് എന്താണോ അത്."

നിലവിലുള്ള രീതിയനുസരിച്ച് വനിതാ കമ്മീഷൻ ഇടപെടുന്നതിൽ എനിക്ക് യോജിപ്പില്ല. സ്ത്രീകളെ സമൂഹത്തിലെ വ്യക്തികളായി കാണാതെ വികാരശമനത്തിനുള്ള ഒരുപകരണമായി മാത്രം കാണുന്നതുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങൾ വർദ്ധിക്കാൻ കാരണം.

"ബസിൽ ശല്യം ചെയ്യുന്നവരെ ആദ്യം നോക്കി പ്രതികരിക്കും. പിന്നെ shout ചെയ്യും, ചവിട്ടും പിന്നുകൊണ്ട് കുത്തും." ഗുരുവായൂരപ്പൻ കോളേജിലെ രണ്ടാം വർഷ ബോട്ടണി വിദ്യാർത്ഥിനിയായ വിജി തന്റെ അനുഭവങ്ങളെ ദേഷ്യത്തോടെ പ്രതികരിക്കുന്നു. എല്ലാവർക്കും പ്രതികരിക്കാനുള്ള കഴിവുണ്ടാകണമെന്നില്ല. അതുകൊണ്ടു തന്നെ അവർ ഒറ്റപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത്.

സ്ത്രീകളുടെ വസ്ത്രധാരണത്തിലുണ്ടായ മാറ്റവും അവർ പ്രതികരിക്കാത്തതും ഇത്തരം പ്രശ്നങ്ങൾ സങ്കീർണ്ണമാവാൻ സഹായിച്ചിട്ടേയുള്ളൂ. വനിതാകമ്മീഷൻ കൃത്യമായി ഇടപെടണം. ഇപ്പോഴത്തെ ഇടപെടൽ എനിക്ക് തൃപ്തികരമായി തോന്നിയിട്ടേയില്ല. പോലീസും, മറ്റു ബന്ധപ്പെട്ട അധികൃതരും ഇതിനെതിരെ



വേണ്ടത്ര ജാഗ്രത പുലർത്താറില്ല എന്നാണ് എന്റെ അഭിപ്രായം.

ഒരു യാത്രയിൽ അനുഭവിച്ച് ദുരന്തത്തിന്റെ ഭയാനകതയും അതിനെതിരെ പ്രതികരിച്ച മാർഗ്ഗവും വിവരിക്കുമ്പോൾ വിജിയുടെ കണ്ണുകൾ അരോടൊക്കെയോ ഉള്ള ദേഷ്യംകൊണ്ട് നനയുന്നുണ്ടായിരുന്നു. ഒരു ദിവസം അമ്മയുടെ കൂടെ ബസ്സിൽ ഇരുന്നു പോകുമ്പോൾ ഒരാൾ സീറ്റിനടിയിലൂടെ തോണ്ടി. തോണ്ടൽ ശക്തമായി ആവർത്തിച്ചപ്പോൾ ഞാൻ അയാളുടെ കൈ കട

ന്പിടിച്ച് എന്റെ ബാഗിലെ desection box ലെ blade എടുത്ത് അയാളുടെ കൈമുറിച്ചു. ബസ്സിൽ യാത്ര ചെയ്തിരുന്ന എല്ലാവരും അതുകണ്ടു. അതിനുശേഷം അമ്മ എന്റെ കൂടെ ഒരിടത്തേക്കും വരില്ല എന്നുപറഞ്ഞു.

സ്ത്രീകൾ അശക്തരും പ്രതികരിക്കാത്തവരുമാണെന്നൊരു തോന്നൽ ഈ പ്രശ്നത്തെ വളരാൻ സഹായിക്കുന്നു. വസ്ത്രധാരണത്തിലുണ്ടായ മാറ്റവും ഇതിന് കാരണമാണ്.

ഉപഭോഗസംസ്കാരവും ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റവും സ്ത്രീയെ വെറും വിൽപ്പനച്ചരക്കാക്കി മാറ്റിയിരിക്കുന്നു.

"ഞങ്ങൾ സ്ത്രീകൾ ആയതുകൊണ്ട് എന്തും ആവാമെന്നാണോ?" പ്രോവിഡൻസ് കോളേജിലെ രണ്ടാം വർഷ കെമിസ്ട്രി വിദ്യാർത്ഥിനിയായ ഫെബിൻ ബസിലെ പീഡനങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ ഇങ്ങനെ പൊട്ടിത്തെറിച്ചു. "ബസിൽ കയറുമ്പോൾതന്നെ എന്തോ മുൻ വൈരാഗ്യമുള്ളതുപോലെയാണ് ബസ് ജീവനക്കാർ ഞങ്ങളോട് പെരുമാറുന്നത്. ബസിലെ ചില യാത്രക്കാരുടെ പെരുമാറ്റം ശരിക്കും അസഹനീയമാണ് " പറയുന്നത് അതേ ക്ലാസിൽ പഠിക്കുന്ന ഫെബിന്റെ കൂട്ടുകാരികളായ ഷിൽനയും, എലിസബത്തും. ചെറുപ്പക്കാരും മദ്ധ്യവയസ്ക്കരും ഒരേപോലെ ഈ വിനോദത്തിൽ പങ്കുചേരാറുണ്ടെന്ന് എലിസബത്ത്.

വനിതാ കമ്മീഷന് ഇക്കാര്യത്തിൽ വളരെയേറെ ചെയ്യാൻ സാധിക്കുമെങ്കിലും ഒന്നും ചെയ്യാനായിട്ടില്ലെന്ന് ഷിൽന കുറ്റപ്പെടുത്തുന്നു. അധികാരികൾ ഇതിനു നേരെ കണ്ണടക്കുന്നതായാണ് കണ്ടുവരുന്നത്.

മാതൃകാപരമായ ശിക്ഷയാണ് ഇതിന് നൽകേണ്ടത്. പ്രത്യേകിച്ച് മുഖംനോക്കാതെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാൻ അധികാരികൾ തയ്യാറാ



കയും വേണം. ഇതു പറയുന്നത് ആർട്സ് കോളേജിലെ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥിയായ യാന.

വാനുഭവത്തിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകയാണെങ്കിൽ വളരെ ശക്തമായി പ്രതികരിപും. കൂടാതെ വേറെ ഒരു സ്ത്രീക്കും ഇത്തരം നുഭവം വന്നാൽ മൊത്തം സ്ത്രീകളുടെ ശ്നങ്ങളായി കണ്ട് പ്രവർത്തിക്കാൻ എല്ലാരും തയ്യാറാവുകയും വേണം.

തേ അഭിപ്രായം തന്നെയാണ് ഫാറൂഖ് കോളേജിലെ ഒന്നാം വർഷ, ഫിസിക്സ് ബിരുദ വിദ്യാർത്ഥിനിയായ റജീനക്കും ഉള്ളത്. പെൺകുട്ടികൾ പ്രതികരിക്കാൻ മടിക്കുന്നു. ങ്ങനെയായാൽ ഇത് വളർന്നു വരുവാൻ മാത്രമേ സഹായിക്കു.

വനിതാകമ്മീഷന്റെ ഇടപെടൽ കൂടുതൽ ഊർജ്ജസ്വലമാക്കണം. കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്രശ്നങ്ങളെ വളരെ ലാഘവത്തോടെയാണ് കാണുന്നത്.

കോളേജധികാരികൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാറില്ലെന്ന് പി.എസ്.എം.ഒ. കോളേജിലെ രണ്ടാംവർഷ മാത്സ് വിദ്യാർത്ഥിനിയായ ജിഷ പറയുന്നു.

"പൊതുവെ ഇതിനെതിരെ പ്രതികരിക്കുന്നവർ കുറവാണ്. കാരണം നമ്മൾ തുറന്നു പറയുമ്പോൾ അതു സമൂഹത്തിൽ ഒരു ചീത്തപ്പേരായി നിലനിൽക്കുകയും അതു ഭാവി ജീവിതത്തെ ബാധിക്കുകയും ചെയ്യും."

മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും കേട് ഇലയ്ക്കുതന്നെയാണെന്നു പറയുന്നതുപോലെയാണിത്. എങ്ങിനെ പ്രതികരിച്ചാലും അവസാനം അതു സ്ത്രീകൾക്കു നേരെ തിരിഞ്ഞു നിൽക്കും. അതുകൊണ്ടായിരിക്കാം ചിലർ ഇതിനെപ്പറ്റി ഒന്നും മിണ്ടാത്തത്.

**പെൺകുട്ടികൾ ഇതിനെതിരെ പ്രതികരിക്കാത്തതാണ് ഇതിന്റെ മുഖ്യകാരണം. പക്ഷേ ഇതിന് ആൺ പെൺ ഭേദമെന്യേ ഉള്ള ഒരു കൂട്ടായ്മ ആവശ്യമാണ്. ബസ്സിന്റെ പിന്നിലുള്ള ഡോറിലൂടെ കറിയാൽ അവർ തെറിപറയും. ഇതിനെതിരെ ഞാൻ പല പ്രാവശ്യം ചീത്തപറഞ്ഞ് പ്രതികരിച്ചിട്ടുണ്ട്.**

ബസ് ജീവനക്കാരിൽ നിന്നും യാത്രക്കാരിൽ നിന്നും മോശമായ പെരുമാറ്റമുണ്ടാവാറുണ്ടെന്ന് ഫാറൂഖ് കോളേജിൽ ഒന്നാം വർഷ പി.ജി.ക്ക് പഠിക്കുന്ന ശ്രീജ.

അധികാരികൾ ഇതിനെതിരെ ശക്തമായ നടപടികൾ എടുക്കണം. പിന്നെ ഈ പ്രശ്നം ഇല്ലാതാക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് വിദ്യാർത്ഥികൾ തന്നെയാണ്. "ഇത്തരം പ്രശ്നങ്ങളുണ്ടാക്കുന്നവരോട് നിങ്ങൾക്ക് അമ്മയും പെങ്ങന്മാരുമില്ലേ എന്നു ചോദിച്ചു പ്രതികരിക്കും." ഗുരുവായൂരപ്പൻ കോളേജിൽ ഒന്നാം വർഷ എം.എ.സോഷ്യോളജിയക്ക് പഠിക്കുന്ന ജിലന്റെയുടെ സ്വരം. വനിതാകമ്മീഷന്റെ രീതി എനിക്ക് ഒട്ടും തൃപ്തികരമായി തോന്നിയിട്ടില്ല. അവരെടുക്കുന്ന പല തീരുമാനങ്ങളും ചിലപ്പോൾ വൈകിപ്പോകാറുണ്ട്.

പെൺകുട്ടികൾ ഇതിനെതിരെ പ്രതികരിക്കാത്തതാണ് ഇതിന്റെ മുഖ്യകാരണം. പക്ഷേ ഇതിന് ആൺ - പെൺ ഭേദമന്യേ ഉള്ള ഒരു കൂട്ടായ്മ ആവശ്യമാണ്.

ഈ അഭിപ്രായത്തോട് നൂറുശതമാനം യോജിക്കുന്നു അതേ കോളേജിലെ രണ്ടാം വർഷ ബോട്ടണി വിദ്യാർത്ഥിനിയായ ജസ്ന. ബസ്സിന്റെ പിന്നിലുള്ള ഡോറിലൂടെ കയറിയാൽ അവർ തെറിപറയും. ഇതിനെതിരെ ഞാൻ പല പ്രാവശ്യം ചീത്തപറഞ്ഞ് പ്രതികരിച്ചിട്ടുണ്ട്. പക്ഷേ ഇങ്ങനെ പ്രതികരിച്ചതുകൊണ്ടൊന്നും കാര്യമില്ല. എന്റെ ഭാഷയിൽ പ്രതികരിക്കുക എന്നാൽ "ചെരുപ്പൂരി അടിക്കുകയാവും നല്ലത്" എന്നെനിക്കു തോന്നുന്നു. പോലീസ് അധികാരികളിൽ നിന്നും കോളേജധികാരികളിൽ നിന്നും ചിലസമയത്ത് സഹായം കിട്ടാറില്ല. പുരുഷന്മാർ ചെയ്യുന്നതുപോലെ സ്ത്രീകൾക്ക് തോന്നാത്തത് എന്ത് എന്നാരും ചിന്തിക്കാറില്ലെന്നും ജസ്ന പറഞ്ഞു.